**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 131** **16-10-2026-ൽ മറുപടിയ്ക്ക്**

**കൃഷിരീതികളുടെ ആധുനികവത്ക്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എഫ്. രാജ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ ഫാമുകൾ, വിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ, കാർഷിക നഴ്സറികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ ഫാമുകൾ, വിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ, കാർഷിക നഴ്സറികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ ആധുനികവത്ക്കരിക്കാൻ ചുവടെ പറയുന്ന നടപടി സ്വീകരിച്ചു വരുന്നു.

1. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. ഓരോ പ്രദേശത്തിനും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകളുടെ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നു.

3. ഫാം ടൂറിസത്തിന് അനുയോജ്യമായ ഫാമുകളിൽ ടൂറിസം പ്രമോഷന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, ഫാം ടൂറിസം എന്ന ഒരു പുതിയ പദ്ധതി കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

4. ഫാമുകളിൽ പരിശീലന കേന്ദ്രങ്ങളും പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

5. ഫാമുകളുടെ പ്രവർത്തനം കാര്യക്ഷമമാകുവാൻ ഫാമുകളുടെ യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു.

6. വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആകർഷകമായ ലേബലിങ്ങ്, പാക്കിങ്ങിനും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

8. കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളിലും കാർബൺ ന്യൂലിത കൃഷി രീതി നടപ്പിലാക്കി വരുന്നു.

**(ബി)** കർഷകർക്കായി ആധുനിക കൃഷിരീതികളും സാങ്കേതികവിദ്യകളും പരിചയപ്പെടുത്തുന്നതിന് കൃഷിവകുപ്പിന്റെ കീഴിൽ നിലവിൽ ഉള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇവ കൂടുതൽ

കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

<u>**മറുപടി:**</u> |കർഷകർക്കായി ആധുനിക കൃഷിരീതികളും സാങ്കേതികവിദ്യകളും പരിചയപ്പെടുത്തുന്നതിന് കൃഷിവകുപ്പിന്റെ കീഴിൽ നിലവിലുള്ള പ്രധാന സംവിധാനങ്ങളും അവ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു:

കേന്ദ്ര സർക്കാരിന്റെ അഗ്രി-സ്റ്റാക്ക് (Agri Stack) മാതൃകയിൽ സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് കതിർ (KATHIR-Kerala Agriculture Technology Hub and Information Repository). ഇതിന്റെ മൊബൈൽ ആപ്പും ലഭ്യമാണ്.

**നിലവിൽ ലഭ്യമായ സേവനങ്ങൾ**

**a. കർഷക ഐഡി കാർഡ്:** എല്ലാ കർഷകർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ്.

**b.വിവരശേഖരണവും ഡാറ്റാബേസും:** കർഷകരെയും കൃഷിയിടങ്ങളെയും കുറിച്ചുള്ള തത്സമയ വിവരശേഖരണവും ഏകീകൃത ഡാറ്റാബേസും.

**c. കാർഷിക ഉപദേശ സേവനങ്ങൾ (Agro-Advisories):** വിളയുടെ ആദ്യാവസാനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നു.

**d വിള ഡോക്ടർ:** കീട-രോഗ ബാധകൾ, മൂലകങ്ങളുടെ കുറവ് എന്നിവയ്ക്ക് കാർഷിക വിദഗ്ധരുടെ സേവനം.

**e. റിമോട്ട് സെൻസിങ് സാങ്കേതികവിദ്യ:** സാങ്കേതികവിദ്യ ഉപയോഗിച്ച് വിള വർഗ്ഗീകരണം, വിള ആരോഗ്യ നിരീക്ഷണം, മണ്ണിന്റെ ഈർപ്പാധിഷ്ഠിത ജലസേചനം, വിളനഷ്ട പ്രവചനം എന്നിവ നൽകുന്നു.

**f. മണ്ണ് പരിശോധന:** പരിശോധന മുതൽ റിസൾട്ട് വരെയുള്ള നടപടികൾ പൂർണ്ണമായും പേപ്പർ രഹിതമായി നടപ്പിലാക്കുന്നു.

**കർഷകർക്കായി വികസിപ്പിച്ചു കൊണ്ടിരിക്കുന്ന മറ്റ് സേവനങ്ങൾ**

**a. വിപണന സൗകര്യം:** കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ടോ കേന്ദ്രീകൃത സംവിധാനം വഴിയോ ചില്ലറ/മൊത്ത കച്ചവടക്കാർക്ക് വിൽക്കാനുള്ള ഡിജിറ്റൽ വിപണി.

**b. കാർഷിക യന്ത്രവത്കരണം:** കാർഷിക കർമസേന, അഗ്രോ സർവീസ് സെന്റർ, കൃഷിശ്രീ സെന്ററുകൾ തുടങ്ങിയ സേവനദാതാക്കളുടെ സേവനം ഓൺലൈനായി ലഭ്യമാക്കൽ.

**c. ഉല്പാദനോപാധികളുടെ ലഭ്യത:** വളം, കീടനാശിനി, വിത്ത്, തൈകൾ എന്നിവയുടെ ലഭ്യത ആപ്പിലൂടെ തത്സമയം ലഭ്യമാക്കൽ.

**d.കാർബൺ ഫാർമിംഗ്:** കാർഷിക മേഖലയിലെ കാർബൺ ബഹിർഗമനം കണക്കാക്കാനും ഭൂമിയിൽ കാർബൺ സംഭരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ.

**(സി)** കൃഷിയിടങ്ങളിൽ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി ഡ്രോൺ, സ്മാർട്ട് ഇറിഗേഷൻ തുടങ്ങിയ നൂതന സംവിധാനങ്ങൾ ഉപയോഗിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

<u>**മറുപടി:**</u> കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ജലം, വളം, കീടനാശിനികൾ തുടങ്ങിയ വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനുമായി

ഡ്രോൺ സാങ്കേതികവിദ്യ സൂക്ഷ്മജലസേചനം, ഓട്ടോമേഷൻ തുടങ്ങിയ ആധുനിക കാർഷിക സാങ്കേതികവിദ്യകൾ കൃഷിവകുപ്പ് വിവിധ പദ്ധതികളിലൂടെ പ്രോത്സാഹിപ്പിച്ചുവരുന്നു.

**SMAM പദ്ധതി:** സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ ( SMAM) പദ്ധതിയുടെ വിവിധ ഘടകങ്ങളിലൂടെ കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങൾ വ്യക്തിഗത ഉടമസ്ഥതയിൽ വാങ്ങുന്നതിനും കസ്റ്റം ഹയറിങ് സെന്ററുകൾ (CHC), ഫാം മെഷിനറി ബാങ്കുകൾ (FMB) എന്നിവ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നു. അംഗീകൃത മാർഗനിർദേശങ്ങൾക്കും പദ്ധതിയുടെ വ്യവസ്ഥകൾക്കും വി ധേയമായി കിസാൻ ഡ്രോണുകൾ വാങ്ങുന്നതിനും പ്രദർശനത്തിനും ഡ്രോൺ അധിഷ്ഠിത കാർഷിക പ്രവർത്തനങ്ങൾക്കും സഹായം ലഭ്യമാണ്. സംസ്ഥാനത്ത് ഇതുവരെ SMAM പദ്ധതിയിലൂടെ 14 കിസാൻ ഡ്രോണുകൾ FPOകൾക്കും, 108 കിസാൻ ഡ്രോണുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്കും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, 100 പേർക്ക് ഡ്രോൺ പൈലറ്റ് ലൈസൻസ് നേടുന്നതിനാവശ്യമായ പരിശീലനം അഞ്ചു ജില്ലകളിലായി പൂർത്തിയാക്കിയിട്ടുണ്ട്.

**PDMC പദ്ധതി:** PM-RKVYയുടെ Per Drop More Crop (PDMC) ഘടകത്തിലൂടെ ഡ്രിപ്പ്, സ്പ്രിങ്ക്ളർ തുടങ്ങിയ സൂക്ഷ്മജലസേചന സംവിധാനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നു. 2026-27-ൽ 10,350 ഹെക്ടറിൽ സൂക്ഷ്മജല സേചനം നടപ്പിലാക്കുന്നതിനുള്ള ലക്ഷ്യം അംഗീകരിച്ചിട്ടുണ്ട്. ജലസേചനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ഓട്ടോമേഷൻ, സെൻസർ അധിഷ്ഠിത ജലസേചനം തുടങ്ങിയ സംവിധാനങ്ങളും പദ്ധതിയുടെ മാർഗനിർദേശപ്രകാരം പ്രോത്സാഹിപ്പിക്കുന്നു. സൂക്ഷ്മജലസേചനത്തിനുള്ള ആകെ ലക്ഷ്യത്തിന്റെ 5% ഓട്ടോമേഷൻ സംവിധാനങ്ങൾക്കായി ലക്ഷ്യമിടുന്നതിനും ഹെക്ടറിന് ₹40,000 എന്ന സൂചക ചെലവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സഹായനിരക്കനുസരിച്ച് ധനസഹായം നൽകുന്നതിനും വ്യവസ്ഥയുണ്ട്.

**Technology Driven Agriculture:** 2026-27 വാർഷിക പദ്ധതിയിൽ ₹150 ലക്ഷം അടങ്കലിൽ നിർദേശിച്ചിട്ടുള്ള Technology Driven Agriculture പദ്ധതിയിലൂടെ സ്മാർട്ട് ഫാമിംഗ് സെന്ററുകൾ, കൃത്യതാ കൃഷി, സ്മാർട്ട് ഇറിഗേഷൻ, ഡ്രോൺ അധിഷ്ഠിത കാർഷിക പ്രവർത്തനങ്ങൾ, സാങ്കേതിക പരിശീലനം എന്നിവ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു.

ഇത്തരം ഇടപെടലുകളിലൂടെ ആധുനിക സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്ക് എത്തിച്ച് കാർഷിക ഉൽപ്പാദനക്ഷമതയും ജലവിനിയോഗ കാര്യക്ഷമതയും വർധിപ്പിക്കുന്നതിനും കൃഷി കൂടുതൽ സുസ്ഥിരമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**